# നഗരങ്ങളിൽ യാത്രയൊരുക്കാൻ പിയാജിയോ ആപ്പെ ഇ-സിറ്റി; തിരുവനന്തപുരത്തും കോഴിക്കോടുമെത്തുന്നു

Oct 26, 2020, 11:25 AM IST

മലിനീകരണ രഹിതവും ശബ്ദമില്ലാത്തതുമായ ഈ വാഹനത്തിന് 1.99 ലക്ഷം രൂപയാണ് കേരളത്തിലെ എക്സ്ഷോറും വില.



പിയാജിയോ ആപ്പെ ഇ-സിറ്റി | Photo: piaggio-cv.co.in

ഇന്ത്യയിലെ മുൻനിര മുചക്ര വാഹന നിർമാതാക്കളായ പിയാജിയോയുടെ ഇലക്ട്രിക് ഓട്ടോറിക്ഷയായ ആപ്പെ ഇ-സിറ്റി തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിലുമെത്തി. കഴിഞ്ഞ വർഷം അവസാനത്തോടെ അവതരിപ്പിച്ച ഈ വാഹനം കേരളത്തിൽ കൊച്ചിയിൽ മാത്രമായിരുന്നു ആദ്യ ഘട്ടത്തിൽ എത്തിച്ചിരുന്നത്.

മലിനീകരണ രഹിതവും ശബ്ദമില്ലാത്തതുമായ ഈ വാഹനത്തിന് 1.99 ലക്ഷം രൂപയാണ് കേരളത്തിലെ എക്സ്ഷോറും വില. റെഗുലർ ഓട്ടോറിക്ഷയെ അപേക്ഷിച്ച് കുലുക്കമില്ലാത്ത യാത്രയാണ് ആപ്പെ ഇ-സിറ്റി വാഗ്ദാനം ചെയ്യുന്നത്. ആപ്പെയ്ക്ക് ലഭിച്ച സ്വീകാര്യത ഇലക്ട്രിക് ആപ്പെയ്ക്കും ലഭിക്കുമെന്നാണ് പ്രതീക്ഷ.

ആധുനിക ലിഥിയം അയോൺ ബാറ്ററി, ഓട്ടോമാറ്റിക് ഗിയർബോക്സ്, ഉയർന്ന കരുത്ത്, മികച്ച ടോർക്ക് തുടങ്ങിയവാണ് ആപ്പെ ഇ-സിറ്റിയുടെ പ്രധാന സവിശേഷതകൾ. സേഫ്റ്റി ഡോർ, പൂർണമായും ഡിജിറ്റലായ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ എന്നിവയും ഇ-സിറ്റിയെ മറ്റ് വാഹനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നുണ്ട്.

മാറ്റി സ്ഥാപിക്കാൻ കഴിയുന്ന ബാറ്ററിയുമായി ഇന്ത്യയിലെത്തുന്ന ആദ്യ ത്രീ വീലറാണ് ആപ്പെ ഇ-സിറ്റി. സാൻ മൊബിലിറ്റിയുമായുള്ള സഹകരണത്തിലാണ് ഈ ബാറ്ററി വികസിപ്പിച്ചിരിക്കുന്നത്. ബാറ്ററിയിൽ അവശേഷിക്കുന്ന ചാർജ് അറിയാനും ചാർജ് ചെയ്യാനും സഹായിക്കുന്ന ആപ്പുകളും ഒരുക്കിയിട്ടുണ്ട്.

ബാറ്ററി മാറ്റി വയ്ക്കാൻ സൗകര്യങ്ങളുള്ള കേന്ദ്രങ്ങളെ കുറിച്ചാണ് ആപ്പിൽ വിവരങ്ങൾ നൽകുന്നത്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഹ്രസ്വദൂര യാത്രകൾക്ക് ഏറെ പ്രയോജനപ്പെടുന്ന വാഹനമായിരിക്കും ആപ്പെ ഇ-സിറ്റിയെന്നാണ് നിർമാതാക്കളായ പിയാജിയോ അവകാശപ്പെടുന്നത്.

Content Highlights: Piaggio launches electric Auto, Apeʹ E City for Thiruvananthapuram And Calicut